©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2024 ഒക്ടോബർ 28** 28th October 2024 **1200 തുലാം 12** 12th Thulam 1200 **1946 കാർത്തികം 6** 6th Karthika 1946 | **നമ്പർ** No. | **3434** |

കേരള സർക്കാർ

**പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 32/2024/പൊ.ഭ.വ. തീയതി,തിരുവനന്തപുരം 30 സെപ്റ്റംബർ 2024

**എസ്. ആർ. ഒ. നമ്പർ 981/2024**

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2019 ജൂൺ 21-ാം തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6/2019/പൊ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചതും 2019 ജൂലൈ മാസം 24-ാം തീയതിയിലെ 1678-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 491/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും. - (1) ഈ പദ്ധതിയ്ക്ക് 2024-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.- 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി (ഭേദഗതി) പദ്ധതിയിൽ, 2-ാം ഖണ്ഡികയിൽ, 1-ാം ഉപഖണ്ഡികയിൽ,-

(i) ഇനം (എ) യിൽ "ഉപവകുപ്പ്" എന്ന വാക്കിന് ശേഷം "1-ാം ഇന" എന്ന അക്കവും ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്;

(ii) ഇനം (സി) യിൽ "അവിവാഹിതരായ പെൺകുട്ടികൾ" എന്ന വാക്കുകൾക്ക് പകരം "അവിവാഹിതരായ പെൺമക്കൾ" എന്ന വാക്കുകളും "അംഗങ്ങളെ" എന്ന വാക്കിന് പകരം "അംഗത്തെ" എന്ന് ചേർക്കേണ്ടതാണ്;

(iii) ഇനം (ഡി) യിൽ "(iv)" എന്ന അക്കത്തിനും ബ്രാക്കറ്റിനും പകരം “(vi)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(2) 3-ാം ഖണ്ഡികയിൽ,-

(i) ""ആക്ട് " എന്ന വാക്കിന് പകരം " ഓർഡിനൻസ് " എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) ഇനം (vi) ലെ "ആക്ടിലെ" എന്ന വാക്കിന് പകരം ""ഓർഡിനൻസിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) ഇനം (viii) ലും പദ്ധതിയിലും "ബഡ്ജറ്റ്" എന്ന വാക്ക് എവിടെയെല്ലാം വരുന്നുവോ അതിന് പകരം "ബജറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) 4-ാം ഖണ്ഡികയിൽ,-

(i) ഇനം (i) ൽ "ഉദ്യോഗസ്ഥൻമാരുടേയും അംഗങ്ങളുടേയും" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഇനം (ii) ലെ "ബോർഡിനുവേണ്ടിയും ബോർഡിനെതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്" എന്ന വാക്കുകൾക്ക് പകരം "ബോർഡുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പ് ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) 6-ാം ഖണ്ഡിക 1-ാം ഉപഖണ്ഡികയിൽ "മൂന്നുമാസത്തിലൊരിക്കൽ" എന്ന വാക്കിന് ശേഷം "എങ്കിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) 7–ാം ഖണ്ഡികയിൽ, –

(i) മാർജിനൽ ശീർഷകത്തിന് ശേഷമുള്ള "(1)" എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ്;

(ii) "ആദ്ധ്യക്ഷം" എന്ന വാക്ക് ഖണ്ഡികയിൽ എവിടെയെല്ലാം വരുന്നുവോ ആയതിന് പകരം "ആദ്ധ്യക്ഷ്യം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) ക്ലിപ്ത നിബന്ധനയിലെ "അദ്ധ്യക്ഷത" എന്ന വാക്കിന് പകരം "ആദ്ധ്യക്ഷ്യം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iv) "എല്ലാ യോഗങ്ങളിലും" എന്ന വാക്കുകൾക്ക് പകരം "യോഗങ്ങളിൽ" എന്ന് ചേർക്കേണ്ടതാണ്.

(6) 8–ാം ഖണ്ഡികയിൽ, –

(i) മാർജിനൽ ശീർഷകത്തിലെ "യോഗ നടപടിക്കുറിപ്പ്" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പ്" എന്ന വാക്കും (1)–ാം ഉപഖണ്ഡികയിൽ "യോഗ നടപടിക്കുറിപ്പുകൾ" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പുകൾ" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ii) (2)–ാം ഉപഖണ്ഡികയിൽ "യോഗ നടപടിക്കുറിപ്പിൽ" എന്ന വാക്കുകൾക്ക് പകരം "യോഗനടപടിക്കുറിപ്പിൽ "എന്ന വാക്ക് ചേർക്കേണ്ടതാണ്.

(7) 9–ാം ഖണ്ഡികയിൽ,–

(i) (1)–ാം ഉപഖണ്ഡികയിൽ, "ഉപസമിതികൾ" എന്ന വാക്കിന് പകരം "സമിതികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)–ാം ഉപഖണ്ഡികയിൽ,–

(എ) "ഉപസമിതിയിൽ" എന്ന വാക്കിന് പകരം "സമിതിയിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) ഇനം (സി) യിൽ "രണ്ട് അനൗദ്യോഗിക അംഗങ്ങൾ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് അനൗദ്യോഗിക അംഗങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)–ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:–

"എന്നാൽ, ചെയർമാൻ ഹാജരില്ലാത്ത സമയങ്ങളിൽ സമിതി അംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ചെയർമാന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(iv) (4)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :–

"സമിതിയുടെ യോഗങ്ങളിൽ കുറഞ്ഞത് നാല് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതും, അതിൽ സർക്കാരിനെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലാതെ യാതൊരു കാര്യപരിപാടികളും നടത്താൻ പാടില്ലാത്തതുമാകുന്നു. സമിതിയുടെ ഒരു യോഗത്തിന് മുമ്പാകെ വരുന്ന ഏതൊരു സംഗതിയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയാൽ ചെയർമാന് അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് കാസ്റ്റിങ്ങ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ്."

(v) (5)-ാം ഉപഖണ്ഡികയിൽ, "ഉപസമിതികളുടെ" എന്ന വാക്കിന് പകരം "സമിതികളുടെ" എന്നും 'ഉപസമിതിയുടെ' എന്ന വാക്കിന് പകരം 'സമിതിയുടെ' എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(8) 11-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"11.നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷയും അംഗത്വ സർട്ടിഫിക്കറ്റ് നൽകലും.-

(1) നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ൽ ആയിരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷയുടെ രണ്ട് സെറ്റ് സമർപ്പിക്കേണ്ടതാണ്. ശരിയായി പൂരിപ്പിച്ച് അപേക്ഷകൻ ഒപ്പിട്ട അപേക്ഷ നാല് പാസ്സ്പോർട്ട് സൈസ് ഫോട്ടോ, മേൽവിലാസം, ജനന തീയതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, ശരിയായ രീതിയിൽ പൂരിപ്പിച്ച ഫാറം നമ്പർ 6-ലുള്ള രണ്ട് സെറ്റ് നോമിനേഷൻ എന്നിവ സഹിതം ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ് ;

(2) അപേക്ഷകൻ അപേക്ഷയോടൊപ്പം നോമിനേഷന്റെ രണ്ട് സെറ്റ് നൽകേണ്ടതും ബോർഡ് സാക്ഷ്യപ്പെടുത്തിയ നോമിനേഷനുകളിൽ ഒന്ന് അംഗത്വ സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷകന് നൽകേണ്ടതുമാണ് ;

(3) വയസ്സ്, ജനന തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനായി റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, പാസ്പോർട്ട്, പാൻ കാർഡ്, ജനന മരണ രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്ന് മതിയാകുന്നതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലെങ്കിൽ വയസ്സ് തെളിയിക്കുന്നതിന് ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. മേൽവിലാസം തെളിയിക്കുന്നതിനായി മറ്റ് രേഖകൾ ലഭ്യമല്ലെങ്കിൽ അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്;

(എ) ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തത് പ്രകാരം അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൂറ് രൂപ അംഗത്വ ഫീസ് അടക്കേണ്ടതാണ്; അംഗത്വ ഫീസ് ആദ്യത്തെ അംശദായം അടയ്ക്കുന്നതിനോടൊപ്പം തന്നെ അടവാക്കേണ്ടതാണ്;

(4) അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് പരിശോധിച്ചതിനു ശേഷം അംഗത്വം നൽകാവുന്നതും ബോർഡ് അംഗത്വം നൽകി ഉത്തരവായ അപേക്ഷകർക്ക് ഫാറം നമ്പർ 2-ൽ ഒരു അംഗത്വ സർട്ടിഫിക്കറ്റ് നൽക്കേണ്ടതും അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ, അംഗത്വ നമ്പർ, അംഗത്വം നൽകിയ തീയതി, ഫോട്ടോ എന്നിവ ഉൾപ്പെടുന്ന വിവരങ്ങൾ ഫാറം നമ്പർ 3-ലെ അംഗത്വ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യതയോടും അതതു സമയങ്ങളിൽ വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചും സൂക്ഷിക്കേണ്ടതാണ്. ഓരോ അംഗത്തിനെയും കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വരുത്തിയ അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്;

(5) അപേക്ഷയുടെയും അംഗത്വ സർട്ടിഫിക്കറ്റിന്റെയും ഓരോ പകർപ്പുകൾ ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ സൂക്ഷിക്കേണ്ടതും അംഗത്തിന് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് ഫാറം നമ്പർ 4-ലും നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ്ബുക്ക് ഫാറം നമ്പർ 5-ലും നൽകേണ്ടതുമാണ്;

(6) അംഗത്വ സാക്ഷ്യപത്രമോ തിരിച്ചറിയൽ കാർഡോ പാസ്ബുക്കോ നഷ്ടപ്പെട്ടാൽ അവയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഡ്യൂപ്ലിക്കേറ്റിനായി അംഗം ഫാറം നമ്പർ 15-ൽ അപേക്ഷിക്കേണ്ടതും അപ്രകാരം അപേക്ഷിക്കുന്ന പക്ഷം സത്യവാങ്മൂലം അപേക്ഷകനിൽ നിന്നും വാങ്ങി അന്വേഷണത്തിനും സ്ഥിരീകരണത്തിനും ശേഷം അതിന്റെ വിലയായി 50 രൂപ ഈടാക്കി അംഗത്തിന് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതാണ്. ".

(9) 12-ാം ഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"12. അപ്പീലിനുള്ള കാലപരിധി.- (1) നിധിയിലെ അംഗത്വത്തിനുള്ള ഒരു അപേക്ഷ, ബോർഡ് നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റി അറുപത് ദിവസത്തിനകം ഫാറം നമ്പർ 16-ൽ, പൊതുഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ്, ഡെപ്യൂട്ടി സെക്രട്ടറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം മുമ്പാകെ അപ്പിൽ നൽകാവുന്നതാണ്:

എന്നാൽ, അറുപത് ദിവസക്കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുവാൻ അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം കാലതാമസം മാപ്പാക്കി അത്തരം അപ്പീൽ സ്വീകരിക്കാവുന്നതാണ്:

(2) അപ്പീലിൻമേൽ അനുകൂല തീരുമാനം ഉണ്ടാകാത്ത പക്ഷം അപേക്ഷകൻ പുനഃപരിശോധനക്കായി ഒരു മാസത്തിനകം പുനഃപരിശോധന ഹർജി ഫാറം നമ്പർ 17-ൽ ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്;

(3) സർക്കാരിനു ലഭിക്കുന്ന അപ്പീൽ അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അപേക്ഷകന് പറയാനുള്ളത് പറയുവാൻ അവസരം നൽകി രേഖകൾ പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കേണ്ടതും തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.".

(10) 13-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"13. നോമിനേഷൻ നൽകൽ.- (1) നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ അഥവാ വ്യക്തികളുടെ പേരും വിശദവിവരങ്ങളും അടങ്ങിയ രണ്ട് സെറ്റ് നോമിനേഷൻ ഫാറം നമ്പർ 6-ൽ നൽകേണ്ടതാണ്. എന്നാൽ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവരെ മാത്രമേ അപേക്ഷകൻ നോമിനേഷൻ ചെയ്യുവാൻ പാടുള്ളൂ;

(2) ഒരംഗത്തിന് ഭാവിയിൽ തന്റെ കുടുംബത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചോ ഉചിതമെന്നു തോന്നുന്ന സമയത്തോ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം പുതിയ നോമിനേഷൻ ഫാറം നമ്പർ 6-ൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നോമിനേഷനിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അംഗം ഏറ്റവും അവസാനം സമർപ്പിച്ച നോമിനേഷൻ മാത്രം സാധുവായി നിലനിൽക്കുന്നതാണ്.".

(11) 14-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :-

"14. അംശദായം അടയ്ക്കുന്ന രീതി.- ഓരോ അംഗവും അംശദായമായി ഓരോ മാസവും അതത് മാസം 10-ാം തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട പോസ്റ്റോഫീസിലോ ഓൺലൈനായോ അതതു കാലത്ത് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ അടയ്ക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷാവസാനവും അംഗങ്ങൾക്ക് അംശദായ സ്റ്റേറ്റ്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അതു സംബന്ധിച്ച കണക്കുകളും അംഗങ്ങളുടെ വിവരങ്ങളും ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ ഓരോ മാസവും ബോർഡിന് അയച്ചുകൊടുക്കേണ്ടതാണ്."

(12) 17-ാം ഖണ്ഡികയിൽ, -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) 2–ാം ഉപഖണ്ഡികയിൽ, ക്ലിപ്തനിബന്ധനയിലെ "കവിയാതെയുള്ള " എന്ന വാക്കിന് പകരം "കവിഞ്ഞുള്ള" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) 4–ാം ഉപഖണ്ഡികയിൽ, "'ആനുകൂല്യത്തിനായി" എന്ന വാക്കിന് പകരം "ധനസഹായത്തിനായി" എന്നും "സാക്ഷ്യപത്രം" എന്ന വാക്കിന് പകരം "സർട്ടിഫിക്കറ്റ്" എന്നും ചേർക്കേണ്ടതാണ്.

(14) 18–ാം ഖണ്ഡികയിൽ,–

(i) (1)–ാം ഉപഖണ്ഡികയിൽ ,–

(എ) "പട്ടിക 1–ൽ വ്യക്തമാക്കിയ പ്രകാരമുള്ള" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും പകരം "പട്ടിക 1 പ്രകാരമുള്ള" എന്നീ വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

(ബി) "ആനുകൂല്യത്തിന് " എന്ന വാക്കിന് പകരം "ധനസഹായത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)–ാം ഉപഖണ്ഡികയിൽ "ഒരവകാശിയ്ക്ക് " എന്ന വാക്കിന് പകരം "അവകാശിയ്ക്ക് " എന്ന വാക്ക് ചേർക്കേണ്ടതാണ്,

(iii) (3)–ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :–
മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ ഫാറം നമ്പർ 8–ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ആറു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ആയതിൽ ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊളേളണ്ടതുമാണ്;

(iv) (4)–ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ് , അതായത് :–
"മരണാനന്തര ധനസഹായം ലഭിക്കുന്നതിലേക്കായി അപേക്ഷയോടൊപ്പം അസ്സൽ നോമിനേഷൻ, പാസ്സ്ബുക്ക്, അംഗത്വ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത്, ഒന്നിൽ കൂടുതൽ അവകാശികൾ ഉള്ളപക്ഷം ആവശ്യമെങ്കിൽ മറ്റവകാശികൾക്കുകൂടി വേണ്ടി ഒരാൾ തുക കൈകപ്പറ്റുന്നതിന് മുദ്രപത്രത്തിൽ തയ്യാറാക്കിയ മറ്റവകാശികളുടെ സമ്മതപത്രം, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്."

(15) 19–ാം ഖണ്ഡികയിൽ,–

(i) "വായ്പ നൽകുന്നതാണ് " എന്ന വാക്കുകൾക്ക് പകരം "വായ്പയായി, ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, വിവാഹ ആവശ്യത്തിന് നൽകുന്നതാണ് " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ് ;

(ii) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(iii) അപ്രകാരം അക്കമിട്ട 1–ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതായത്:–

"(2) വിവാഹധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം അംഗത്തിന്റെ അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വിഹിതം അടച്ചതിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്/ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്. "

"(3) വിവാഹധനസഹായത്തിനും വായ്പയ്ക്കുമായി വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.".

(16) 20–ാംഖണ്ഡികയിൽ,–

(i) 2–ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :–

"നിധിയിൽ നിന്നും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുളള അപേക്ഷ ഫാറം നമ്പർ 10–ൽ ആയിരിക്കേണ്ടതും അംഗത്വ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത്, അംഗത്വ തിരിച്ചറിയൽ കാർഡ് എന്നിവ അപേക്ഷയോടൊപ്പം ഹാജാരാക്കേണ്ടതുമാണ്. പെൻഷൻ ആനുകൂല്യം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ പെൻഷൻ ആകുന്നതിന് രണ്ട് മാസം മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. പെൻഷനായി ആറുമാസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ തക്കതായ കാരണത്താലേ പരിഗണിക്കുകയുള്ളൂ."

(17) 21–ാം ഖണ്ഡികയിൽ,–

(i) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട 1–ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(2) കുടുംബ പെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, മരണ സർട്ടിഫിക്കറ്റ്, പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ്, ബന്ധം തെളിയിക്കുന്നതിനുളള സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.";

"(3) കുടുംബ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അംഗത്തിന്റെ മരണം സംഭവിച്ച് ആറ് മാസത്തിനകം സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ് . ആറ് മാസം മുതൽ ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്."

(18) 22–ാം ഖണ്ഡികയിൽ, "ആയിരം രൂപ അവശത പെൻഷനായി ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന വാക്കുകൾക്ക് ശേഷം "അവശതാ പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ അവശത സംഭവിച്ച് മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. മൂന്ന് മാസത്തിന് ശേഷം ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിക്കാവുന്നതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(19) 23–ാം ഖണ്ഡികയിൽ,–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) (2)–ാം ഉപഖണ്ഡികയിൽ "നൽകുന്നതിനും" എന്ന വാക്കിന് പകരം " നേടുന്നതിനും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)–ാം ഉപഖണ്ഡികയ്ക്ക് ശേഷം (3)–ാം ഉപഖണ്ഡികയായി താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:–

"പലിശരഹിത വായ്പയായി ഒരു അപേക്ഷയിൽ പരമാവധി ഇരുപത്തയ്യായിരം രൂപ വരെ അനുവദിക്കാവുന്നതാണ്.".

(20) 24–ാം ഖണ്ഡികയിൽ,–

(i) 2–ാം ഉപഖണ്ഡികയിൽ "18 ശതമാനം" എന്ന അക്കത്തിനും വാക്കിനും പകരം "പതിനെട്ട് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(21) 25–ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത് :–

"25.റീഫണ്ട്.– നിധിയിലെ ഒരംഗം നിധിയിലേക്ക് അടയ്ക്കുന്ന അംശദായവും നിധിയിലെ വിഹിതവും ചേർന്നുള്ള തുക പ്രസ്തുത അംഗത്തിന്റെ മരണാനന്തരമോ പ്രസ്തുത അംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുമ്പോഴോ അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചതിനുശേഷം ജോലിയിൽ തുടരാനാകാതെ വരുമ്പോഴോ പ്രസ്തുത അംഗത്തിന് / പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശിക്ക് തിരികെ നൽകുന്നതാണ്. ".

(22) 26–ാം ഖണ്ഡികയിൽ,

(i) മാർജിനൽ ശീർഷകത്തിന് ശേഷം "(1)" എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട 1–ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(2) പ്രസവാനുകൂല്യം ലഭിയ്ക്കുന്നതിന് പ്രസവത്തിന് ശേഷം മൂന്ന് മാസത്തിനകം കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്. മൂന്ന് മാസത്തിന് ശേഷം ഒരു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും കാലതാമസത്തിനുള്ള മാപ്പപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകാവുന്നതാണ് ".

(23) 27–ാം ഖണ്ഡികയിൽ,–

(എ) "(200 പേർക്ക്)" എന്ന അക്കവും വാക്കും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ് ;

(ബി) "ഏഴുവർഷം അഥവാ" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ് ;

(സി) "84" എന്ന അക്കത്തിന് പകരം "എൺപത്തിനാല്" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്.**

***സെക്രട്ടറി***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019 ലെ 12) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2019 ജൂൺ 21-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 6/2019/പൊ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചതും 2019 ജൂലൈ 24-ാം തീയതിയിലെ 1678-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 491/2019 ആയി പ്രസിദ്ധീകരിച്ചതുമായ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ സൂക്ഷ്മപരിശോധന നടത്തിയ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)യുടെ 15-ാം മത് റിപ്പോർട്ടിൽ, പ്രസ്തുത പദ്ധതിയിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം നമ്പർ 1

## അംഗത്വത്തിനുള്ള അപേക്ഷ
## 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ ഖണ്ഡിക 11(1) കാണുക]

**അപേക്ഷകന്റെ ഫോട്ടോ**

| | | | |
|---|---|---|---|
| 1 | ജില്ല | : | |
| 2 | പഞ്ചായത്ത്/നഗരസഭ | : | |
| 3 | പേര്(പൂർണ്ണ രൂപത്തിൽ) | : | |
| | ലിംഗം | | |
| | പിതാവിന്റെ / മാതാവിന്റെ / ഭാര്യയുടെ പേര് | | |
| 4 | സ്ഥിര മേൽവിലാസം (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം) | : | |
| | ഫോൺ നമ്പർ | : | |
| 5 | ഇപ്പോഴത്തെ പൂർണ്ണ മേൽവിലാസം | : | |
| 6 | ജനനത്തീയതി | : | |
| 7 | പ്രായം(അക്ഷരത്തിൽ) | : | |
| 8 | ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല/ പഞ്ചായത്ത്/നഗരസഭ | : | |
| 9 | അദ്ധ്യാപനം നടത്തുന്ന മദ്രസ്സയുടെ/തൊഴിൽ ദാതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും (താലൂക്ക്, വില്ലേജ്, പോസ്റ്റ് ഓഫീസ്, പിൻകോഡ് സഹിതം) | : | |
| | ജോലി ചെയ്യുന്ന തസ്തിക | | |
| | മുസ്ലീം സർവ്വീസ് രജിസ്റ്റർ നമ്പർ (ലഭ്യമെങ്കിൽ) | : | |
| | ഫോൺ നമ്പർ | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 10 | മദ്രസ്സാദ്ധ്യാപന ജോലി തുടങ്ങിയ വർഷം (അക്ഷരത്തിൽ) | : | |
| 11 | സേവനകാലം (വർഷാടിസ്ഥാനത്തിൽ) | : | വർഷം |
| 12 | ഇപ്പോഴത്തെ സ്ഥാപനത്തിൽ ജോലി ആരംഭിച്ച വർഷം | : | |
| 13 | ഇപ്പോഴത്തെ സ്ഥാപനത്തിലെ സേവന ദൈർഘ്യം | : | വർഷം/മാസം |
| 14 | വിദ്യാഭ്യാസ യോഗ്യത | | |
| | (എ) പൊതു വിദ്യാഭ്യാസം | : | |
| | (ബി) മദ്രസ്സാദ്ധ്യാപനത്തിന് | : | |
| | (സി) മറ്റ് വിഷയങ്ങൾ | : | |
| 15 | ക്ഷേമനിധി അംഗത്വം ആവശ്യപ്പെടുന്ന വർഷം/മാസം | : | |
| 16 | പ്രതിമാസം അടയ്ക്കുന്ന അദ്ധ്യാപക വിഹിതം(രൂപ) | : | |
| 17 | തൊഴിൽ ദാതാവ് അടയ്ക്കേണ്ട പ്രതിമാസ വിഹിതം(രൂപ) | : | |
| 18 | വിഹിതം അടയ്ക്കാൻ ചുമതലപ്പെട്ട മദ്രസ്സ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം(പിൻകോഡ് സഹിതം) | : | |
| 19 | വിഹിതമടയ്ക്കുന്നതിന് നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസ് | : | |

## സത്യപ്രസ്താവന

കേരള സംസ്ഥാന മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് ഞാൻ മുകളിൽ വ്യക്തമാക്കിയ കാര്യങ്ങൾ പൂർണ്ണമായും സത്യവും ശരിയുമാണെന്ന് വ്യക്തമാക്കുന്നു. ക്ഷേമനിധി സംബന്ധിച്ച് കാലാകാലങ്ങളിൽ ബാധകമാക്കുന്ന വ്യവസ്ഥകൾ ഞാൻ പാലിക്കുന്നതാണ്.

സ്ഥലം : ഒപ്പ് :
തീയതി : പേര് :

## **സ്ഥാപന മേധാവിയുടെ** ശിപാർശ

........................................................................................................................................................................ എന്ന മദ്രസ്സയിലെ അദ്ധ്യാപകനായ ................................................ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വത്തിന് നൽകിയ അപേക്ഷ ശിപാർശ ചെയ്യുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകളും അദ്ധ്യാപകരുടെ സാമൂഹ്യസുരക്ഷയും കണക്കിലെടുത്ത് തൊഴിലുടമ എന്ന നിലയിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതാണെന്നും തൊഴിലുടമാ വിഹിതം യഥാസമയം അദ്ധ്യാപകന്റെ പേരിൽ അടയ്ക്കുന്നതാണെന്നും വ്യക്തമാക്കുന്നു.

സ്ഥലം: (സീൽ)

തീയതി:

ഒപ്പ് :

പേര്:

ഔദ്യോഗിക പദവി:

## **ഓഫീസ് ഉപയോഗത്തിന്**

അപേക്ഷ അംഗീകരിച്ചു / നിരസിച്ചു :

അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ :

അപേക്ഷ രജിസ്റ്റർ നമ്പർ :

ക്ഷേമനിധി അംഗത്വ നമ്പർ :

ജില്ല :

പോസ്റ്റ് ഓഫീസ് :

അംഗത്വ പ്രാബല്യ തീയതി :

പണം അടയ്ക്കേണ്ട പോസ്റ്റ് ഓഫീസ്:

അക്കൗണ്ട് നമ്പർ :

സ്ഥലം:

ഒപ്പ് :

തീയതി: (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്:

## **കുറിപ്പ്**

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്

- പാസ്പോർട്ട്സൈസ് ഫോട്ടോ – 2
- ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- മദ്രസ്സാ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ
- ആധാർകാർഡിന്റെ ഇരുവശത്തിന്റെയും പകർപ്പ്
- ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(ii)**

<u>ഫാറം നമ്പർ 2</u>

## അംഗത്വ സർട്ടിഫിക്കറ്റ്

**2019 -ലെ കേരളമദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

[ഖണ്ഡിക 11 (4) കാണുക]

അംഗത്വനമ്പർ :

**അംഗത്തിന്റെ ഫോട്ടോ**
(ഫോട്ടോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്)

2019 -ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ/ശ്രീമതി..........................................................................................................................................(മേൽവിലാസം) ............................................................................ (തിയതി മുതൽ)...........................................ക്ഷേമനിധി അംഗമായി ചേർത്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

അംഗത്തിന്റെ മാതൃക ഒപ്പ്:
സ്ഥലം :
തിയതി :

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

(ഓഫീസ് സീൽ)

**(iii)**

ഫാറം നമ്പർ 3

## അംഗത്വ രജിസ്റ്റർ

**2019 -ലെ കേരള മദ്രസാദ്ധ്യപക ക്ഷേമനിധി പദ്ധതി**

**[ഖണ്ഡിക 11 (4) കാണുക]**

(അംഗത്വ രജിസ്റ്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടത്)

**അംഗത്തിന്റെ ഫോട്ടോ**

| ക്രമ നമ്പർ | അംഗത്തിന്റെ പേരും സ്ഥിര മേൽവിലാസവും | താൽകാലിക മേൽവിലാസം | അച്ഛന്റെ / അമ്മയുടെ / ഭർത്താവിന്റെ / ഭാര്യയുടെ പേര് | ജനന തിയതിയും വയസ്സും | നോമിനി / നോമിനികളുടെ പേരും അംഗമായുള്ള ബന്ധവും |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| അപേക്ഷയുടെ തിയതിയും അപേക്ഷ രജിസ്റ്റർ നമ്പരും | അംഗത്വം നൽകിയ തിയതിയും അംഗത്വ നമ്പരും | ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ | വായ്പ നൽകിയതിന്റെ വിവരങ്ങൾ | അംഗത്വം റദ്ദാക്കിയ വിവരങ്ങൾ, തീയതി | അഭിപ്രായം |
|---|---|---|---|---|---|
| (7) | (8) | (9) | (10) | (11) | (12) |
| | | | | | |

സ്ഥലം :　　　　　　　　　　　　　　　　　　　　(ഒപ്പ്)

തീയതി :　　　　　　(ഓഫീസ് സീൽ)　　　　　　ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

**(iv)**

കാർഡ് നമ്പർ:

ഫാറം നമ്പർ 4

അംഗത്വ തിരിച്ചറിയൽ കാർഡ്

2019 -ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (5) കാണുക]

**അംഗത്തിന്റെ ഫോട്ടോ**

പേര് (ഇനിഷ്യൽ സഹിതം ) :

പൂർണ്ണ മേൽവിലാസം :

അംഗത്വ നമ്പർ :

ജില്ല :

സംസ്ഥാനം :

പ്രവൃത്തി സ്ഥലം :

ഫോൺ നമ്പർ :

ജനന തിയതി :

വിരമിക്കൽ തീയതി :

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര്

സ്ഥലം :

തീയതി :　　　　　　(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v)

ഫാറം നമ്പർ 5

പാസ് ബുക്ക്

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 11 (5) കാണുക]

**അംഗത്തിന്റെ ഫോട്ടോ**

1. അംഗത്തിന്റെ പേര് :
2. പൂർണ്ണ മേൽവിലാസം :
3. അംഗത്വ നമ്പർ :
4. ജനന തിയതി :
5. വിരമിക്കൽ തീയതി :
6. അംഗത്വ ഉത്തരവ് നമ്പറും തീയതിയും :
7. വരിസംഖ്യാതുക :
8. പ്രവൃത്തി സ്ഥലം :
9. അക്കൗണ്ട് നമ്പർ :
10. നോമിനിയുടെ പേര് :
11. പൂർണ്ണ മേൽവിലാസം :
12. നോമിനിയുമായുള്ള ബന്ധം :

എല്ലാ മാസവും .......-ാം തീയതിയ്ക്കകം മാസവരി അടയ്ക്കേണ്ടതാണ്.

അംഗത്തിന്റെ ഒപ്പ്..................

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പം പേരും

സ്ഥലം :

തിയതി :

മാസവരി യഥാസമയം അടച്ചില്ലെങ്കിൽ പിഴവ് വരുത്തിയ തീയതി മുതൽ അടയ്ക്കുന്ന തീയതിവരെ 9.25 % നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| 20..... | അടച്ച മാസം | വരിസംഖ്യ തീയതി | വരിസംഖ്യാ തുക | പിഴ തുക | മദ്രസ്സ കമ്മിറ്റി അടച്ച അംശദായം | ആകെ തുക | ഒപ്പ് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| B/F | | | | | | | |
| ജനുവരി | | | | | | | |
| ഫെബ്രുവരി | | | | | | | |
| മാർച്ച് | | | | | | | |
| ഏപ്രിൽ | | | | | | | |
| മേയ് | | | | | | | |
| ജൂൺ | | | | | | | |
| ജൂലൈ | | | | | | | |
| ആഗസ്റ്റ് | | | | | | | |
| സെപ്റ്റംബർ | | | | | | | |
| ഒക്ടോബർ | | | | | | | |
| നവംബർ | | | | | | | |
| ഡിസംബർ | | | | | | | |
| | | | | | | | |
| C/o | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(vi)**

ഫാറം നമ്പർ 6

**നോമിനേഷൻ ഫാറം**

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 13 കാണുക]

എന്റെ കാലശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിലുള്ള ആനുകൂല്യങ്ങളും അർഹതപ്പെട്ട തുകയും കൈപ്പറ്റുന്നതിനു താഴെപ്പറയുന്ന എന്റെ ആശ്രിതനെ /ആശ്രിതരെ ഞാൻ ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

| ക്രമ നമ്പർ | നോമിനിയുടെ പേരും മേൽവിലാസവും | വയസ്സും ജനന തിയതിയും | അപേക്ഷകൻ /അപേക്ഷകയുമായുള്ള ബന്ധം |
|---|---|---|---|
| ( 1 ) | ( 2 ) | ( 3 ) | ( 4 ) |
| | | | |

സ്ഥലം :
തീയതി :

ഒപ്പും പേരും
അംഗത്വ നമ്പറും മേൽവിലാസവും

സാക്ഷികളുടെ ഒപ്പ് ,പേര്,
മേൽവിലാസം

1 . ________________________________
________________________________
2 . ________________________________
________________________________

നോമിനേഷൻ അംഗീകരിച്ചു

സ്ഥലം :
തീയതി :

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

(ഓഫീസ് സീൽ)

കുറിപ്പ് :– 1. നോമിനേഷൻ പുതുക്കുന്നവർ അംഗത്വ ഉത്തരവിന്റെ പകർപ്പ്, അംഗത്വ സർട്ടിഫിക്കറ്റ് , അംഗത്വ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2. ശരിയായി പൂരിപ്പിച്ച രണ്ട് സെറ്റ് അപേക്ഷ ഫാറം സമർപ്പിക്കേണ്ടതാണ് . ഒരു കോപ്പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(vii)**

ഫാറം നമ്പർ 7

## ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 17(4) കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. വയസ്സും ജനന തീയതിയും :

4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :

5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? :

   ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച

   അധികാരിയുടെ ഉത്തരവ് നമ്പറും, തീയതിയും :

6. അംഗത്തിന്റെ പ്രവൃത്തി സ്ഥലം :

7. അംഗത്വ കാലയവ് :

8. രോഗസ്വഭാവവും അതിനു വേണ്ടുന്ന

   ചികിത്സയുടെ വിവരവും

   (രോഗ വിവരം വ്യക്തമായി എഴുതണം) :

9. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം

   ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :

10. ചികിത്സയ്ക്കായി മെഡിക്കൽ ആഫീസർ

    ശിപാർശ ചെയ്യുന്ന യഥാർത്ഥ ചെലവ് :

11. അംഗം ചികിത്സ നടത്തിയ ആശുപത്രിയുടെ

    പേരും മേൽവിലാസവും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള :

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശദവിവരം

(ചികിത്സ നടത്തിയ സ്ഥാപനത്തിൽ നിന്നുള്ള

സർട്ടിഫിക്കറ്റ് തന്നെ സമർപ്പിക്കുക) :

സ്ഥലം : (ഒപ്പ്)
തീയതി : പേര്

**സത്യപ്രസ്താവന**

.................................................................................................................(പേര്)
.................................................................................................................................................................
............................................................................................................... (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : (ഒപ്പ്)
തീയതി : പേര്

കുറിപ്പ്:– അവസാന വരിസംഖ്യ അടച്ച രസീത്, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ഐ.പി./ഒ.പി. ടിക്കറ്റ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(viii)**

ഫാറം നമ്പർ 8

മരണാനന്തര ധനസഹായത്തിനുള്ള അപേക്ഷ

2019 –ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

[ഖണ്ഡിക 18 (3) കാണുക]

1. അപേക്ഷകന്റെ /അപേക്ഷകയുടെ പേര് :

2. സ്ഥിരമായ മേൽവിലാസം :

3. നിലവിലുള്ള മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :

4. അംഗവുമായുള്ള ബന്ധം :

5. ജനനത്തീയതിയും വയസ്സും :

6. ക്ഷേമനിധി അംഗത്തിന്റെ പേര് :

7. അംഗത്വ നമ്പർ :

8. അംഗത്തിന്റെ ജനനതീയതി :

9. ക്ഷേമനിധിയിൽ അംഗമായ തീയതി :

10. അംഗം മരണമടഞ്ഞ തീയതി :

11. ക്ഷേമനിധി വരിസംഖ്യ അവസാനം അടച്ച തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. അംഗത്തിന്റെ അവസാന പ്രവൃത്തി സ്ഥലം :

13. ആകെ അംഗത്വ കാലയളവ് :

14. അപേക്ഷകൻ മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും മേൽവിലാസവും :

**സത്യപ്രസ്താവന**

മേൽപറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ് :

തീയതി : പേര് :

കുറിപ്പ്:– അസ്സൽ അംഗത്വ സർട്ടിഫിക്കറ്റ്, അസ്സൽ അംഗത്വ കാർഡ്, തഹസിൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്, പാസ്സ് ബുക്ക്, മരണ സർട്ടിഫിക്കറ്റ്, അവസാനം വരിസംഖ്യ അടച്ച രസീത്, അസ്സൽ നോമിനേഷൻ, നോമിനി പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ശവസംസ്കാര ചെലവുകൾക്കായിട്ടുള്ള ധനസഹായം

മരണാനന്തര ധനസഹായം

സ്ഥലം :

തീയതി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(ix)**

ഫാറം നമ്പർ 9

## വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 19 കാണുക)

1. അംഗത്തിന്റെ പേര് :
2. പൂർണ്ണമായ മേൽവിലാസം :
3. വയസ്സും ജനന തീയതിയും :
4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും അംഗത്വ നമ്പറും :
5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിച്ച അധികാരിയുടെ ഉത്തരവ് നമ്പറും, തീയതിയും :
6. വിരമിക്കൽ തീയതി :
7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ എഴുതുക :
    a. ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :
    b. ആനുകൂല്യം ലഭിച്ച തീയതിയും ഉത്തരവ് നമ്പറും :
8. അംഗത്വ കാലയളവ് :
9. പ്രവൃത്തി സ്ഥലം :
10. ആരുടെ വിവാഹാവശ്യം :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11.വിവാഹിതയാകുന്നയാൾ അംഗത്തിന്റെ

മകളാണെങ്കിൽ

1. പേര് :

2. ജനന തീയതിയും വയസ്സും :

3. വിവാഹ തീയതിയും സ്ഥലവും :

4. വരന്റെ പേരും പൂർണ്ണ മേൽവിലാസവും :

5. ജനന തീയതിയും വയസ്സും :

12. അപേക്ഷിക്കുന്ന തുക :

**സത്യപ്രസ്താവന**

.......................................................................................................(പേര്)

..........................................................................................................................................

.............................................................................................. (മേൽവിലാസം) എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : (ഒപ്പ്)

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, വിവാഹ സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ച രസീത് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പം പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x)

ഫാറം നമ്പർ 10

**പെൻഷനുള്ള അപേക്ഷ**

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
(ഖണ്ഡിക 20(2) കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :
2. അംഗത്വ നമ്പർ :
3. മേൽവിലാസം
    1. വീട്ടു പേര് :
    2. വീട്ടു നമ്പർ :
    3. പ്രദേശം/വില്ലേജ് :
    4. പോസ്റ്റ് ഓഫീസ് :
    5. താലൂക്ക് :
    6. പിൻകോഡ് :
    7. ഫോൺ നമ്പർ :
    8. ആധാർ കാർഡ് നമ്പർ :
4. ജനന തീയതിയും പൂർത്തിയായ വയസ്സും :
5. അച്ഛന്റെ/ അമ്മയുടെ / ഭർത്താവിന്റെ / ഭാര്യയുടെ പേര്:
6. ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം
   പ്രാബല്യത്തിൽ വന്ന മാസവും :
7. (എ) ക്ഷേമനിധിയിൽ അവസാനമായി
   വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പറും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ക്ഷേമനിധിയിൽ ആകെ

മാസവരി സംഖ്യ അടച്ച കാലയളവ് :

8. ജോലിയിൽ നിന്നും വിരമിച്ച തീയതി :

9. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും :

ബോർഡിൽ നിന്നോ അപേക്ഷകന്

പെൻഷൻ ലഭിക്കുന്നുണ്ടോ?

10.ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

11.അവസാനം ജോലി ചെയ്തിരുന്ന സ്ഥലം :

12.അർഹതപ്പെട്ട പെൻഷൻ തുക :

**സത്യപ്രസ്താവന**

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ്:

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റ്, അംഗത്വ തിരിച്ചറിയൽ കാർഡ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

*അപേക്ഷ സ്വീകരിക്കുന്നു/നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

സ്ഥലം :

തീയതി : (ഓഫീസ് മുദ്ര) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് :

ഒപ്പ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xi)**

<u>ഫാറം</u> <u>നമ്പർ</u> <u>11</u>

**അവശതാ പെൻഷനുള്ള അപേക്ഷ**
**2019 -ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**
[ഖണ്ഡിക 22 (1) കാണുക]

1. അംഗത്തിന്റെ പേര് :

2. അംഗത്വ നമ്പർ :

3. മേൽവിലാസം
   1. വീട്ടുപേര് :
   2. വീട്ടു നമ്പർ :
   3. പ്രദേശം/വില്ലേജ് :
   4. പോസ്റ്റ് ഓഫീസ് :
   5. താലൂക്ക് :
   6. പിൻ കോഡ് :
   7. ഫോൺ നമ്പർ :
   8. ആധാർ കാർഡ് നമ്പർ:

4. ജനനത്തീയതിയും പൂർത്തിയായ വയസ്സും :

5 അച്ഛന്റെ /അമ്മയുടെ/ ഭാര്യയുടെ /ഭർത്താവിന്റെ പേര് :

6 ക്ഷേമനിധി അംഗമായ തീയതിയും അംഗത്വം പ്രാബല്യത്തിൽ വന്ന മാസവും :

7 (എ) ക്ഷേമനിധിയിൽ അവസാനമായി വരിസംഖ്യ അടച്ച തീയതിയും രസീത് നമ്പരും :

(ബി) ക്ഷേമനിധിയിൽ ആകെ മാസ വരിസംഖ്യ അടച്ച കാലയളവ് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8 അവശത മൂലം ജോലിയിൽ നിന്നും വിരമിച്ച തീയതി :

9 ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

10 അവശത തുടങ്ങിയ തീയതി :

11 അവശതയുടെ സ്വഭാവം :

12 അവശത തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകൾ
1. :
2. :

13 അർഹതപ്പെട്ട അവശതാ പെൻഷൻ തുക

**സത്യപ്രസ്താവന**

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ്:
തീയതി : പേര്:

<u>കുറിപ്പ്</u>: അംഗത്വ സർട്ടിഫിക്കറ്റ്, അംഗത്വ തിരിച്ചറിയൽ കാർഡ്, വരിസംഖ്യ അടച്ചതിന്റെ രസീത്, അവശതമൂലം യാതൊരു ജോലിയും ചെയ്യാൻ സാധിക്കാത്ത ആളാണെന്നു തെളിയിക്കുന്നതിലേക്കുള്ള മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**<u>ഓഫീസ് ഉപയോഗത്തിന്</u>**

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

പെൻഷൻ പ്രാബല്യ തീയതി

സ്ഥലം :

തീയതി : (ഓഫീസ് മുദ്ര) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xii)**

<u>ഫാറം നമ്പർ 12</u>

**പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ**

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 26 കാണുക)

1. അംഗത്തിന്റെ പേര് :
2. പൂർണ്ണമായ മേൽവിലാസം :
3. വയസ്സും ജനന തീയതിയും :
4. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :
5. അംഗത്വം റദ്ദാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ

   അംഗത്വം പുനഃസ്ഥാപിച്ച

   ഉത്തരവ് നമ്പറും, തീയതിയും :
6. വിരമിക്കൽ തീയതി :
7. ഈ പദ്ധതി പ്രകാരം മുമ്പ് ധനസഹായം

   ലഭിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ വിവരങ്ങൾ

   എഴുതുക :

   (എ) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം :

   (ബി) ആനുകൂല്യം ലഭിച്ച തീയതിയും

   ഉത്തരവ് നമ്പറും :
8. പ്രസവം നടന്ന തീയതി :
9. അർഹതപ്പെട്ട പ്രസവാനുകൂല്യ തുക :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സത്യപ്രസ്താവന

........................................................................ (പേര്) ....................................................................................

.........................................................................................................................................................................(മേൽവിലാസം)

എന്ന ഞാൻ, മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര്:

കുറിപ്പ്: അംഗത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , അംഗത്വ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, അവസാന വരിസംഖ്യ അടച്ചതിന്റെ രസീത് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

## ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു/ നിരസിക്കുന്നു

അപേക്ഷ രജിസ്റ്റർ നമ്പർ

അപേക്ഷ നിരസിക്കാനുള്ള കാരണം

ക്ഷേമനിധി അംഗത്വ നമ്പർ

അനുവദിച്ച തുക

..........................................................................................രൂപ പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു.

സ്ഥലം :

തീയതി : (ഓഫീസ് സീൽ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xiii)**

ഫാറം നമ്പർ 13

## കുടുംബ പെൻഷനുള്ള അപേക്ഷ

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി
(ഖണ്ഡിക 21 കാണുക)

അംഗത്തിന്റെ ഫോട്ടോ

1. അപേക്ഷകന്റെ പേര് :

2. പൂർണ്ണ മേൽവിലാസം :

3. അംഗത്തിന്റെ പേര് :

4. അംഗത്വ നമ്പർ :

5. അംഗവുമായുള്ള ബന്ധം :

6. ആകെ പൂർത്തിയാക്കിയ അംഗത്വ കാലയളവ് :

7. അംഗം വിരമിച്ച തീയതി :

8. മരണപ്പെട്ട തീയതി :

9. ലഭിക്കുന്ന പെൻഷൻ തുക :

10. പെൻഷൻ നമ്പർ :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11.അപേക്ഷകൻ മൈനർ ആണെങ്കിൽ

രക്ഷിതാവിന്റെ പേരും മേൽവിലാസവും :

12.അർഹതപ്പെട്ട കുടുംബ പെൻഷൻ തുക :

**സത്യപ്രസ്താവന**

മേല്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര്:

കുറിപ്പ്: അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റ്, അവകാശം തെളിയിക്കുന്നതിനായി തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ഓഫീസ് ഉപയോഗത്തിന്**

*അപേക്ഷ സ്വീകരിക്കുന്നു/നിരസിക്കുന്നു

| | |
|---|---|
| അപേക്ഷ രജിസ്റ്റർ നമ്പർ | അപേക്ഷ നിരസിക്കാനുള്ള കാരണം |
| ക്ഷേമനിധി അംഗത്വ നമ്പർ | |
| അനുവദിച്ച കുടുംബ പെൻഷൻ തുക | |

സ്ഥലം:

തീയതി : (ഓഫീസ് സീൽ ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പും പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xiv)**

ഫാറം നമ്പർ 14

**ഭവന വായ്പ അപേക്ഷ**

2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി

(ഖണ്ഡിക 27 കാണുക)

| അംഗത്തിന്റെ ഫോട്ടോ |
|---|

1. അപേക്ഷകന്റെ പേര്

2 മേൽവിലാസം

പിൻകോഡ്

പഞ്ചായത്ത് /നഗരസഭ

ജില്ല

ഫോൺ നമ്പർ

3 ജനന തീയതി

പ്രായം

4 ആധാർ നമ്പർ

5 ഭാര്യ /ഭർത്താവിന്റെ പേര്

6 വിദ്യാഭ്യാസ യോഗ്യത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7 ജോലി ചെയ്യുന്ന മദ്രസ്സയുടെ പേരും പൂർണ്ണ
മേൽ വിലാസവും

ഫോൺനമ്പർ:

8 ജോലിയിൽ പ്രവേശിച്ച തീയതി പ്രതിമാസ ശമ്പളം –

9 മദ്രസ അധ്യാപക ക്ഷേമനിധി അംഗത്വ
നമ്പർ

10 ക്ഷേമനിധിയിൽ ചേർന്ന തീയതി/വർഷം

11 കുടുംബത്തിന്റെ വാർഷിക വരുമാനം

12 ഭവനനിർമ്മാണത്തിന്റെ വിവരങ്ങൾ

കൈവശമുള്ള മൂലധനം . . . . . . . . . . . . . . . .

ആവശ്യപ്പെടുന്ന വായ്പ തുക . . . . . . . . . . . . . . . .

വീടിന്റെ എസ്റ്റിമേറ്റ് തുക . . . . . . . . . . . . . . . .
വീടിന്റെ ആകെ വിസ്തീർണ്ണം . . . . . . . . . . . . . . . . sq.feet

13 കുടുംബാംഗങ്ങളുടെ വിവരങ്ങൾ

| | പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ് | ജോലി |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

അംഗങ്ങളുടെ ആകെ എണ്ണം –

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14 കുടുംബാംഗങ്ങൾ ആരെങ്കിലും താഴെ പറയുന്ന മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രേഖപ്പെടുത്തുകയും ആവശ്യമായ സർട്ടിഫിക്കറ്റ് പകർപ്പുകൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

മാറാരോഗികൾ/അംഗവൈകല്യമുള്ളവർ/മാനസിക അസ്വാസ്ഥ്യമുള്ളവർ

വിവാഹമോചിതരായ സ്ത്രീകൾ/വിധവകൾ

വിവാഹമോചിതരായ പെൺമക്കൾ

25 വയസ്സിന് മുകളിലുള്ള അവിവാഹിതരായ പെൺമക്കൾ

15 സർക്കാർ / മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ: ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

16 സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വീട് നിർമ്മാണത്തിനായി
എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ? : ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

17 മദ്രസ അധ്യാപക ക്ഷേമനിധിയിൽ നിന്ന് ഇതുവരെ എന്തെങ്കിലും
ധനസഹായം ലഭിച്ചിട്ടുണ്ടോ ? : ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ വിശദവിവരങ്ങൾ

18 സ്വന്തം പേരിലോ മാതാവ്, പിതാവ്, ഭാര്യ, ഭർത്താവിന്റെ പേരിലോ ഭൂമിയുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം

| ഉടമസ്ഥന്റെ പേര് | ഇനം (നിലം/ പുരയിടം) | വിസ്തീർണ്ണം | സർവ്വെ നമ്പർ | വില്ലേജ് | താലൂക്ക് | ജില്ല | മറ്റ് വരുമാന മാർഗ്ഗങ്ങൾ കൃഷി/ തൊഴിൽ / മറ്റുള്ളവ |
|---|---|---|---|---|---|---|---|

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

19. മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പക്ക് മുൻ വർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? ഉണ്ട് / ഇല്ല
ഉണ്ടെങ്കിൽ ഏതെല്ലാം വർഷങ്ങളിൽ

## അപേക്ഷകന്റെ സത്യപ്രസ്താവന

മേൽ നൽകിയ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും മദ്രസ അധ്യാപക പലിശ രഹിത ഭവന വായ്പ സംബന്ധിച്ച് എല്ലാവിധ നിയമങ്ങളും ചട്ടങ്ങളും പാലിക്കുമെന്നും അനുവദിക്കുന്ന വായ്പാതുകയും മറ്റു ചെലവുകളും നിഷ്കർഷിക്കുന്ന കാലാവധിക്കുള്ളിൽ അടച്ചുതീർക്കുമെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ്
തീയതി: പേര്

### ഓഫീസ് ഉപയോഗത്തിന്

*അപേക്ഷ സ്വീകരിക്കുന്നു / നിരസിക്കുന്നു

അനുവദിക്കുന്ന വായ്പ തുക

നിരസിക്കുന്നതിനുള്ള കാരണം

തീയതി:

സ്ഥലം: ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഒപ്പ്

**കുറിപ്പുകൾ**

1. അപേക്ഷകൻ /അപേക്ഷക മദ്രസ അധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2 വർഷം പൂർത്തിയാക്കേണ്ടതാണ്.
2. കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന അംഗങ്ങൾക്ക് മാത്രമേ അർഹത ഉണ്ടാകുകയുള്ളൂ.
3. മുൻഗണനാ വിഭാഗത്തിൽ ഉള്ളവർക്ക് കൂടുതൽ പ്രാധാന്യം നൽകി കരട് ലിസ്റ്റ് തയ്യാറാക്കി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കൈമാറുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ധനകാര്യ കോർപ്പറേഷൻ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുകയുമാണ് ചെയ്യുക.
4. രണ്ടരലക്ഷം രൂപയാണ് പരമാവധി അനുവദിക്കുക. ടി തുക 7 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.
5. മുൻഗണനാ ഇനത്തിൽ ഉൾപ്പെടുന്നവർ അപേക്ഷയിൽ അവകാശപ്പെടുകയും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ മുൻഗണനാ മാർക്ക് നൻകാനാകുകയുള്ളു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. ആധാർ കാർഡിന്റെ പകർപ്പ്.
2. റേഷൻ കാർഡിന്റെ പകർപ്പ്.
3. ജനനതീയതി തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പാസ്സ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.
4. മദ്രസ അധ്യാപകൻ ജോലി ചെയ്യുന്ന സ്ഥാപന മേലാധികാരി നൽകുന്ന സാക്ഷ്യപത്രം
5. മദ്രസ അധ്യാപക ക്ഷേമനിധി കാർഡിന്റെ പകർപ്പ്.
6. ക്ഷേമനിധിയിൽ അവസാനമായി വിഹിതമാക്കിയ രസീതിന്റെ പകർപ്പ്.
7. വില്ലേജ് ഓഫീസറുടെ വരുമാന സാക്ഷ്യപത്രം

6. മുൻഗണനാ അവകാശവാദമുന്നയിച്ചിട്ടുള്ളവർ (ശാരീരിക തളർച്ച സംഭവിച്ചവർ / അന്ധർ/ 40 ശതമാനത്തിലധികം അംഗവൈകല്യമുള്ളവർ / ഭിന്നലിംഗക്കാർ / ഗുരുതര രോഗങ്ങളുള്ളവർ / അപകടത്തെ തുടർന്ന് കിടപ്പിലായവർ/ കടുത്ത മാനസിക വെല്ലുവിളി നേരിടുന്നവർ) ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

7. മുൻഗണനാ ക്രമ നമ്പർ 2, 3, 4 എന്നിവയിൽ അവകാശമുന്നയിക്കുന്നവർ വില്ലേജ് ഓഫീസിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ക്ഷേമനിധി അംഗമായ വനിതകൾക്കു മാത്രമേ ഇനം രണ്ടിൽ ഉള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xv)

ഫാറം നമ്പർ 15

## ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ

**2019– ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി**

(ഖണ്ഡിക 11(6) കാണുക)

1. അംഗത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന തീയതിയും

   അംഗത്വ നമ്പറും :

4. ഫോൺ നമ്പർ :

5. ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെടുന്ന രേഖകൾ :

   (ആവശ്യമില്ലാത്തത് വെട്ടിക്കളയുക)

   a. അംഗത്വ സാക്ഷ്യപത്രം

   b. അംഗത്വ തിരിച്ചറിയൽ കാർഡ്

   c. പാസ്സ്ബുക്ക്

6.ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കാനുള്ള കാരണം :

7.ഫീ അടവാക്കിയ വിവരങ്ങൾ :

സ്ഥലം : (ഒപ്പ്)
തീയതി : പേര്

കുറിപ്പ്:– ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷാ ഫീസ് 50 രൂ. ആണ്. രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xvi)**

ഫാറം നമ്പർ 16

**അപ്പീൽ അപേക്ഷ**

(ഖണ്ഡിക 12 കാണുക)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുമ്പാകെ .......................................................... ............
(പേര്) ..................................................................................................................................................................
..................................................................................................................(മേൽവിലാസം) സമർപ്പിക്കുന്ന അപ്പീൽ ഹർജി.

അപ്പീലിനാധാരമായ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് ഉത്തരവ്

(അപ്പീൽ സംഗതി )

സ്ഥലം : (ഒപ്പ്)
തീയതി : പേര്

കുറിപ്പ്:– അപ്പീലിന് ആധാരമായ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതാണ്. ഉത്തരവിന്റെ അസ്സൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(xvii)**

ഫാറം നമ്പർ 17

**പുനഃപരിശോധനാ ഹർജി അപേക്ഷ**

(ഖണ്ഡിക 12 കാണുക)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് സെക്രട്ടറി മുമ്പാകെ ........................................................ ............ (പേര്) ............................................................................................................................................... (മേൽവിലാസം) സമർപ്പിക്കുന്ന പുനഃപരിശോധനാ ഹർജി

അപ്പീൽ തീർപ്പാക്കിയ ഉത്തരവ്

(പുനഃപരിശോധനാ സംഗതി )

സ്ഥലം : (ഒപ്പ്)

തീയതി : പേര്

കുറിപ്പ്:– അപ്പീലിന്മേൽ സ്വീകരിച്ച ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം പുനഃപരിശോധനാ ഹർജി സമർപ്പിക്കേണ്ടതാണ്. ഉത്തരവിന്റെ അസ്സൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/